30-11-2021

TUESDAY ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -30/11/2021

1. ഒക്ടോബർ, നവംബർ മാസങ്ങളിൽ ഉണ്ടായ കനത്ത മഴയിലും മണ്ണിടിച്ചിലിലും കൃഷിനാശം സംഭവിച്ച കർഷകർക്ക് AIMS പോർട്ടലിലൂടെ ധനസഹായത്തിനുള്ള അപേക്ഷ ഇന്നു (നവംബർ 30 ) കൂടെ സമർപ്പിക്കാവുന്നതാണ്. കർഷകർക്ക് സ്വന്തമായി www.aims.kerala.gov.in എന്ന ഓൺലൈൻ വെബ് പോർട്ടൽ വഴിയോ, അക്ഷയകേന്ദ്രങ്ങൾ വഴിയോ, കൃഷിഭവൻ മുഖേനയോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തവനൂർ കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എൻജിനീയറിങ് ആൻഡ് ടെക്നോളജിയിലെ (KCAET) ബി. ടെക് അഗ്രികൾച്ചറൽ എൻജിനിയറിങ്ങ്, ബി ടെക് ഫുഡ് ടെക്നോളജി എന്നീ കോഴ്സുകളിലെ ഒഴിവുകൾ വന്നിട്ടുള്ള സീറ്റുകളിലേക്കും പിന്നീട് വരാവുന്നതുമായ സീറ്റുകളിലേക്കും സ്പോട്ട് അഡ്മിഷൻ നടത്തുന്നു. കീം (KEAM 2021) റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലും കമ്മ്യൂണിറ്റി റിസർവേഷൻ പാലിച്ചുകൊണ്ടുമായിരിക്കും അഡ്മിഷൻ നടത്തുക. താല്പര്യമുള്ള വിദ്യാർത്ഥികൾ എല്ലാ രേഖകളും സഹിതം മലപ്പുറം ജില്ലയിലെ തവനൂർ കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എൻജിനിയറിങ്ങ് & ടെക്നോളജിയിൽ ഇന്ന് (30.11.2021ന്) രാവിലെ 11 മണിക്ക് മുൻപായി ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് കോളേജിന്റേയും യൂണിവേഴ്സിറ്റിയുടേയും kcaet.kau.in, www.kau.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

3. ഈ വർഷത്തെ ലോക മണ്ണുദിനത്തോടനുബന്ധിച്ച് നവംബർ 29 മുതൽ ഡിസംബർ 5 വരെ മണ്ണു ദിന വാരാഘോഷമായി നടത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരത്തെ സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ശാല **മണ്ണ് ദിന സെമിനാർ, കേരളത്തിലെ വിവിധയിനം മണ്ണിനങ്ങൾ ഉൾപ്പെടെയുള്ളവയുടെ പ്രദർശനം, മണ്ണ് പരിശോധനാ ക്യാമ്പയിൻ** എന്നിവ സംഘടിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി ഡിസംബർ 2-ന് പാറോട്ടുകോണം സെൻട്രൽ സോയിൽ പ്ലാന്റ് ഹെൽത്ത് സെന്റർ (സി.എസ്.പി.എച്ച്.സി) ഹാളിൽ സി.എസ്.പി.എച്ച്.സി-യും, ജില്ലാ മണ്ണുപരിശോധനാ ലാബും (ഡി.എസ്.റ്റി.എൽ) സംയുക്തമായി അന്താരാഷ്ട്ര മണ്ണു ദിന സെമിനാറും ഡിസംബർ 4-ന്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തിരുവനന്തപുരം കോട്ടൺഹിൽ സ്കൂളിലെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾക്ക് വേണ്ടി പ്രദർശനവും, സെമിനാറും, മണ്ണ് ദിന ക്വിസും, മണ്ണ് പരിശോധനാ ക്യാമ്പും ജില്ലാ മണ്ണു പരിശോധനാ ശാലയ്ക്കൊപ്പം സംഘടിപ്പിച്ചിരിക്കുന്നു. തുടർന്ന് ഡിസംബർ 7-ന് അഴൂർ, 9-ന് പുളിമാത്ത, 13-ന് ആര്യങ്കോട്, 15-ന് കുന്നത്തുകാൽ, 18-ന് കള്ളിക്കാട്, 20-ന് അണ്ടൂർക്കോണം, 23-ന് മടവൂർ, 28-ന് വിളവൂർക്കൽ എന്നീ കൃഷിഭവനുകളിൽ മണ്ണുപരിശോധനാ ക്യാമ്പയിനുകൾ തിരുവനന്തപുരം മണ്ണ് പരിശോധനാശാല സംഘടിപ്പിക്കുന്നുണ്ട്.

4. കേരള വെറ്ററിനറി സർവ്വകലാശാലയുടെ പൂക്കോട്, മണ്ണുത്തി, കോലാഹലമേട്, തിരുവനന്തപുരം ക്യാമ്പസ്സുകളിലെ ഡയറി സയൻസ് ആൻഡ് ടെക്നോളജി കോളേജുകളിൽ നടത്തി വരുന്ന ബി. ടെക് ഡയറി ടെക്നോളജി കോഴ്സിന് വിവിധ കോളേജുകളിലായി 18 ഒഴിവുകളും ബി. ടെക് ഫുഡ് ടെക്നോളജി കോഴ്സിന് 1 ഒഴിവും നിലവിലുണ്ട്. ഈ ഒഴിവുകൾ നികത്തുന്നതിനായി ഇന്ന് (30.11.2021) രാവിലെ 11.00 മണിയ്ക്ക് വയനാട് ജില്ലയിലെ പൂക്കോടുള്ള വെറ്ററിനറി സർവകലാശാലയുടെ ആസ്ഥാനത്ത് വെച്ച് KEAM 2021 പ്രോസ്പെക്ടസിലെ വ്യവസ്ഥകൾ പ്രകാരം സ്പോട്ട് അഡ്മിഷൻ നടത്തുന്നതാണ്. താൽപര്യമുള്ള വിദ്യാർത്ഥികൾ KEAM 2021 അപേക്ഷയോടൊപ്പം സമർപ്പിച്ച അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകേണ്ടതാണ്. നിലവിൽ ഏതെങ്കിലും കോഴ്സിന് പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾ, അവരുടെ അസ്സൽ സർട്ടിഫിക്കറ്റുകൾ ഇല്ലാത്തപക്ഷം, നിലവിൽ പ്രവേശനം നേടിയിരിക്കുന്ന സ്ഥാപനത്തിന്റെ മേധാവി നൽകിയ എൻ.ഒ.സി (No Objection Certificate) യും സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് സർവ്വകലാശാല വെബ്സൈറ്റ് **www.kvasu.ac.in** സന്ദർശിക്കുക.

5. റബ്ബറിന്റെ നടീൽവസ്തുക്കളുടെ സർട്ടിഫിക്കേഷൻ നടത്തുന്നതുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് റബ്ബർബോർഡിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ ഡിസംബർ 01-ന് രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഫോണിലൂടെ മറുപടി നൽകും. **0481-2576622** എന്നതാണ് കോൾ സെന്റർ നമ്പർ.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടികൾ

6. വി.എച്ച്.എസ്.സി (അഗ്രിക്കൾച്ചർ) പാസ്സായ വിദ്യാർഥികൾക്കായി വെള്ളായണി കാർഷിക കോളേജ് **ഫിനിഷിങ് സ്കൂൾ പരിശീലന**പരിപാടി സംഘടിപ്പിക്കുന്നു. നൈപുണ്യ വികസന അടിസ്ഥാനത്തിൽ ഊന്നിയുള്ള പരിശീലനത്തിലൂടെ വിദ്യാർഥികളുടെ തൊഴിൽ സാധ്യത വർധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കാർഷികകോളേജിൽ സംഘടിപ്പിക്കുന്ന പരിശീലനത്തിന് ശേഷം രണ്ടു മാസത്തെ അപ്രന്റീസ് പരിശീലനവും ഉണ്ടായിരിക്കും. പരിശീലനപരിപാടി തികച്ചും സൗജന്യമാണ്. താല്പര്യമുള്ളവർ സർട്ടിഫിക്കറ്റുകളുടെ അസ്സൽ പകർപ്പോടു കൂടിയുള്ള അപേക്ഷ അസ്സോസിയേറ്റ് പ്രൊഫസർ ആൻഡ് ഹെഡ്, ട്രെയിനിങ് സർവീസ് സ്കീം, കാർഷികകോളേജ്, വെള്ളായണി-695522 എന്ന വിലാസത്തിൽ **ഡിസംബർ 5** നുമുമ്പായി സമർപ്പിക്കേണ്ടതാണ്.

7. ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് ക്ഷീരകർഷകർക്കായി **തീറ്റപ്പുൽക്കൃഷി** എന്ന വിഷയത്തിൽ **ഡിസംബർ 3,4** തീയതികളിൽ രണ്ട് ദിവസത്തെ ക്ലാസ് റൂം പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ ഡിസംബർ 2 വരെ **8075028868, 9947775078, 0476 –2698550** എന്നീ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് പ്രവേശനം. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ആധാർ കാർഡ്, രണ്ട് ഡോസ് കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്.

8. കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് ഇന്ന് (നവംബർ 30) **ശുദ്ധമായ പാലുൽപാദനം – മെച്ചപ്പെടുത്താം പാൽ ഗുണമേന്മയിലൂടെ** എന്ന വിഷയത്തിൽ ഉച്ചയ്ക്ക് 2 മണി മുതൽ ഗൂഗിൾ മീറ്റ് മുഖേന പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി https://meet.google.com/iff-xwbj-kqe എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് **0481–2302223** എന്ന നമ്പരിൽ ബന്ധപ്പെടുക.